# കേരള സർക്കാർ
# ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
**ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി : 2019 ജൂലൈ 08 തിങ്കൾ**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

# Web: www.prd.kerala.gov.in.E-mail.diothrissur@gmail.com.

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**ജില്ലയിൽ സ്വാഗതസംഘ രൂപീകരണം 12 ന്**

## 'ജനകീയം ഈ അതിജീവനം' 20 ന്: ഒരുക്കങ്ങൾ ആരംഭിച്ചു

നവകേരളനിർമ്മിതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ജനങ്ങളിലേക്കെത്തിക്കുന്നതിനായി സംസ്ഥാന സർക്കാർ എല്ലാ ജില്ലകളിലും ജൂലൈ 20 ന് ജനകീയം ഈ അതിജീവനം എന്ന പേരിൽ പൊതുജനസംഗമം സംഘടിപ്പിക്കുന്നു. ഇതിന്റെ ഭാഗമായി ജില്ലയിൽ വിപുലമായ കാര്യപരിപാടികൾ നടത്തുന്നതിനായുള്ള സ്വാഗതസംഘം രൂപീകരണം ജൂലൈ 12 ന് വൈകീട്ട് 3 ന് ജില്ലാ ആസൂത്രണ സമിതി ഹാളിൽ നടക്കുമെന്ന് ജില്ലാ കളക്ടർ എസ്. ഷാനവാസ് അറിയിച്ചു. സ്വാഗത സംഘ രൂപീകരണത്തിന് മുന്നോടിയായി ജില്ലാ ആസൂത്രണ സമിതി ഹാളിൽ നടന്ന യോഗത്തിലാണ് ഇക്കാര്യം അറിയിച്ചത്.

ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ, സെക്രട്ടറിമാർ, അഗ്രികൾച്ചർ, റവന്യൂ, ഡിഎംഒ, ലൈബ്രറി കൗൺസിൽ, സർക്കാർ-അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, കുടുംബശ്രീ മിഷൻ, ബാങ്കുകൾ, സഹകരണസ്ഥാപനങ്ങൾ തുടങ്ങി വിവിധ വകുപ്പുകളെയും സ്ഥാപനങ്ങളെയും ഉൾപ്പെടുത്തിയാകും യോഗം സംഘടിപ്പിക്കുക. സ്വാഗതസംഘ രൂപീകരണത്തിന്റെ ഭാഗമായി എല്ലാ വകുപ്പുകളും നാളിതു വരെയായി ചെയ്തുപോന്നതും ചെയ്യാൻ പോകുന്നതുമായ പ്രളയാനന്തരപുനരധിവാസ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് ജൂലൈ 10 ന് മുൻപ് തയ്യാറാക്കും. ഈ റിപ്പോർട്ടുകൾ ക്രോഡീകരിച്ച് യോഗത്തിൽ അവതരിപ്പിക്കും.

സംസ്ഥാനത്തെ പ്രളയദുരിതാശ്വാസപ്രവർത്തനങ്ങൾ സംബന്ധിച്ച ഇതുവരെയുള്ള എല്ലാ പ്രവർത്തങ്ങളുടെയും വിശദീകരണം പരിപാടിയിലൂടെ നൽകും. എല്ലാ ജില്ലകളിലും ഒരേ നിലയിലാണ് കാര്യപരിപാടികൾ നടത്തുക. പരിപാടി ഏകോപിപ്പിക്കുന്നതും, വിശദീകരണം നൽകുന്നതും ജില്ല കലക്ടർമാരാണ്. പണി തീരുന്ന വീടുകളുടെ താക്കോൽ കൈമാറ്റം, വാസയോഗ്യമല്ലാതായ സ്ഥലത്തിന് പകരം സർക്കാർ നൽകുന്ന സ്ഥലത്തിന്റെ രേഖയുടെ വിതരണം എന്നിവയും ഇതോടൊപ്പം നടക്കും. സംസ്ഥാനത്ത് ഏറ്റവുമധികം പുനരധിവാസ പ്രവർത്തനങ്ങൾ നടന്ന ജില്ലയാണ് തൃശൂർ. ഏറ്റവുമധികം കേയർഹോമുകൾ നിർമ്മിച്ചു നൽകിയ ബാങ്കുകൾ ഉള്ളതും ഇവിടെയാണ്. ജില്ലയിൽ എടത്തുരുത്തി സർവ്വീസ് ബാങ്കിന്റെ കീഴിൽ മാത്രം 33 വീടുകളാണ് നിർമ്മിച്ചു നൽകിയതെന്ന് യോഗത്തിൽ പങ്കെടുത്ത കയ്പമംഗലം നിയോജകമണ്ഡലം ഇ.ടി. ടൈസൺ മാസ്റ്റർ എം.എൽ.എ പറഞ്ഞു. മുരളി പെരുനെല്ലി എം.എൽ.എ, ഡെപ്യൂട്ടി കളക്ടർ സി. ലതിക, വിവിധ വകുപ്പുദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

## നിയമസഭ പിന്നോക്ക സമുദായ ക്ഷേമ സമിതി യോഗം ഇന്ന് (ജൂലൈ ഒമ്പത്)

കേരള നിയമസഭയുടെ പിന്നോക്ക സമുദായ ക്ഷേമം സംബന്ധിച്ച സമിതി ഇന്ന് (ജൂലൈ ഒൻപത്) രാവിലെ 11 ന് തൃശൂർ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ യോഗം ചേരും. സർക്കാർ സർവീസ്, പൊതുമേഖലാ സ്ഥാപനങ്ങൾ, സർവകലാശാലകൾ, തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ, സർക്കാർ നിയന്ത്രണത്തിലുള്ള മറ്റ് സ്ഥാപനങ്ങൾ എന്നിവയിലെ നിയമനങ്ങളിൽ പിന്നോക്ക സമുദായക്കാർ അഭിമുഖീകരിക്കുന്ന സാമുദായികവും സാമൂഹ്യപരവുമായ വിവിധ പ്രശ്നങ്ങളെ

സംബന്ധിച്ചും വ്യക്തികളിൽ നിന്നും സംഘടനകളിൽ നിന്നും ഹർജികൾ/നിവേദനങ്ങൾ സ്വീകരിക്കും.

## എംപി ഫണ്ട് അവലോകനയോഗം 11 ന്

എംപി മാരുടെ പ്രാദേശിക വികസനനിധി ഉപയോഗിച്ചുള്ള ജില്ലയിലെ പ്രവൃത്തികളുടെ പുരോഗതി അവലോകനം ചെയ്യുന്നതിനുള്ള യോഗം ജൂലൈ 11 ഉച്ച 2.30 ന് ജില്ലാ ആസൂത്രണഭവൻ കോൺഫറൻസ് ഹാളിൽ ചേരും.

## കാട്ടൂർ ഗ്രാമപഞ്ചായത്തിൽ അദാലത്ത്

കാട്ടൂർ ഗ്രാമപഞ്ചായത്തിൽ കെട്ടിട നമ്പർ, പെർമിറ്റ് എന്നിവ അപേക്ഷ നൽകിയിട്ടും ലഭിക്കാത്തവർക്ക് നാളെ (ജൂലൈ 10) പഞ്ചായത്തിൽ അദാലത്ത് നടത്തുന്നു. അപാകതകൾ പരിഹരിച്ച പ്ലാനും അപേക്ഷയും അനുബന്ധ രേഖകളും സഹിതം ഹാജരാക്കുക. കൂടുതൽ വിവരങ്ങൾക്ക് ഫോൺ : 0480– 2877383.

## സംസ്ഥാന നാടകമത്സരം ജൂലൈ 10 മുതൽ 15 വരെ

സംസ്ഥാനതല അമേച്വർ നാടകമത്സരം ജൂലൈ 10 മുതൽ 15 വരെ കേരള സംഗീത നാടക അക്കാദമിയുടെ കെ ടി മുഹമ്മദ് സ്മാരക തിയേറ്ററിൽ നടക്കും. തീയതിയും നാടകവും യഥാക്രമത്തിൽ. ജൂലൈ 10-കോഴിക്കോട് തിയറ്റർ ലവേഴ്സിന്റെ ഗുളികനും കുന്തോലനും. 11-പാലക്കാട് കോങ്ങാട് നാടകസംഘത്തിന്റെ ചേരള ജീവിതം, 12-ചാലക്കുടി പുലരി നാടകകലാകേന്ദ്രത്തിന്റെ പെണ്ണ്, 13-അടാട്ട് പഞ്ചമി തിയറ്റേഴ്സിന്റെ മാളി, 14-കോഴിക്കാട് ചേളന്നൂർ നാടകം പൂക്കുന്ന് കാടിന്റെ മൂന്നാം കുന്ന്, 15-എറണാകുളം വളയൻചിറങ്ങര സുവർണ്ണ തിയറ്റേഴ്സിന്റെ ശകുന്തള ട്രാവൽസ്. എല്ലാ ദിവസവും വൈകീട്ട് 6.30 നാണ് നാടകം അരങ്ങേറുന്നത്.

## പോളി സീറ്റൊഴിവ്

കല്ലേറ്റുംകര മോഡൽ പോളിടെക്നിക് കോളേജിലെ ബയോമെഡിക്കൽ, ഇലക്ട്രോണിക്സ്, കമ്പ്യൂട്ടർ, കമ്പ്യൂട്ടർ ഹാർഡ് വെയർ എന്നീ എഞ്ചിനീയറിങ് വിഭാഗങ്ങളിലെ രണ്ടാം വർഷത്തിലേക്കു അനുവദിച്ച ലാറ്ററൽ എൻട്രി കോഴ്സിലേക്കും നിലവിൽ ഒഴിവുള്ള ഒന്നാം വർഷ കോഴ്സിൽ ഒഴിവുള്ള സീറ്റുകളിലേക്കും പ്രവേശനം നൽകുന്നു. ഒന്നാം വർഷത്തിൽ നിലവിൽ 11 ഒഴിവുകൾ ഉണ്ടെന്ന് പ്രിൻസിപ്പൽ അറിയിച്ചു. നിർദ്ദിഷ്ട അപേക്ഷ ജൂലൈ പത്തിനു വൈകീട്ട് മൂന്ന് മണിക്കു മുൻപായി പോളിടെക്നിക് ഓഫീസിൽ നൽകണം. ഫോൺ: 0480-2720746, 8547005080.

## വനഗവേഷണകേന്ദ്രത്തിൽ ഒഴിവുകൾ

പീച്ചി കേരള വനഗവേഷണസ്ഥാപനത്തിൽ പ്രോജക്ട് ഫെല്ലോ, പ്രോജക്ട് അസിസ്റ്റന്റ്, ബാംബൂ അസിസ്റ്റന്റ് എന്നീ തസ്തികളിൽ താൽക്കാലിക നിയമനം നടത്തുന്നു. ബോട്ടണി, ഫോറസ്ട്രി, ബയോടെക്നോളജി എന്നിവയിൽ ഏതെങ്കിലും ഒന്നിൽ ബിരുദാനന്തരബിരുദമാണ് പ്രോജക്ട് ഫെല്ലോയുടെ യോഗ്യത. ബോട്ടണി, ഫോറസ്ട്രി, ബയോടെക്നോളജി എന്നിവയിൽ ഏതെങ്കിലും ഒന്നിൽ ബിരുദമാണ് പ്രോജക്ട് അസിസ്റ്റന്റിന്റെയും ബാംബൂ അസിസ്റ്റന്റിന്റെയും യോഗ്യത. പ്രായം 2019 ജനുവരി ഒന്നിന് 36 വയസ്സ് കവിയരുത്. പിന്നോക്ക വിഭാഗക്കാർക്ക് നിയമാനുസൃത ഇളവ് ലഭിക്കും. ജൂലൈ 15, 18 തീയതികളിലാണ് പ്രോജക്ട് ഫെല്ലോയുടെ അഭിമുഖം. ജൂലൈ 18, 19 തീയതികളിലാണ് പ്രോജക്ട് അസിസ്റ്റന്റിന്റെയും ബാംബൂ അസിസ്റ്റന്റിന്റെയും അഭിമുഖം. താൽപര്യമുള്ളവർ രാവിലെ 10 ന് അസ്സൽ സർട്ടിഫിക്കറ്റ് സഹിതം പീച്ചി ഓഫീസിൽ അഭിമുഖത്തിന് എത്തണം. ഫോൺ: 0487-2690100.

## ഗൃഹചൈതന്യം മൂന്നാംഘട്ട പദ്ധതിക്ക് ജില്ലയിൽ തുടക്കം

സംസ്ഥാന ഔഷധ സസ്യബോർഡും ആയുഷ് വകുപ്പും ചേർന്ന് നടപ്പാക്കുന്ന വീട്ടിൽ 'ഒരു വേപ്പും കറിവേപ്പും' എന്ന ഗൃഹചൈതന്യം പദ്ധതിയുടെ മൂന്നാം ഘട്ടത്തിന് ജില്ലയിൽ തുടക്കം. ഇതിന്റെ ഭാഗമായി അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കോർപ്പറേഷനുകളുടെ സഹകരണത്തോടെ പദ്ധതി നഗരങ്ങളിലേയ്ക്ക് വ്യാപിപ്പിക്കും. പ്രളയത്തിന് ശേഷം ഉണ്ടായ നഷ്ടങ്ങൾ നികത്തി ജില്ലയിലെ എട്ട് ബ്ലോക്കുകളിൽ നിന്നുള്ള 43 പഞ്ചായത്തുകളിലാണ് മൂന്നാംഘട്ടപദ്ധതി നടപ്പാക്കുന്നത്. തൈകൾ ഉത്പാദിപ്പിക്കാൻ ആവശ്യമായ ഗുണമേന്മയുള്ള വിത്തുകൾ ആഗസ്റ്റ് ആദ്യവാരം പഞ്ചായത്തുകളിൽ വിതരണം ചെയ്യും. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഗ്രാമപഞ്ചായത്തുകളിൽ പദ്ധതി നടപ്പിലാക്കുന്നത്.

ഗ്രാമപഞ്ചായത്തുകളെ ഔഷധസസ്യ ഗ്രാമങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന ഔഷധബോർഡ് 2017 നവംബറിലാണ് ഗൃഹചൈതന്യം പദ്ധതിയ്ക്ക് തുടക്കമിടുന്നത്. ജില്ലയിൽ ആദ്യഘട്ടം പരീക്ഷണാടിസ്ഥാനത്തിൽ അവണൂർ പഞ്ചായത്തിലാണ് നടപ്പാക്കിയത്. പദ്ധതി വിജയകരമായതോടെ രണ്ടാം ഘട്ടമെന്ന നിലയിൽ 2018ൽ ജില്ലയിലെ 42 പഞ്ചായത്തുകളിൽ പദ്ധതി നടപ്പാക്കി. 45 മുതൽ 50 ലക്ഷം തൈകൾ ലക്ഷ്യമിട്ടാണ് രണ്ടാംഘട്ടം ആരംഭിച്ചതെങ്കിലും പ്രളയം മൂലം 14 ലക്ഷം തൈകൾ മാത്രമാണ് വികസിപ്പിക്കാനായത്. ഈ നഷ്ടം നികത്താനാണ് ശേഷിക്കുന്ന 43 പഞ്ചായത്തുകളിൽ മൂന്നാം ഘട്ടം ആരംഭിക്കാൻ തീരുമാനിക്കുന്നത്. മൂന്നാംഘട്ട പദ്ധതിയുടെയും ജില്ലാതല ശില്പശാലയുടെയും ഉദ്ഘാടനം ജില്ലാ ആസൂത്രണ ഭവനിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ് നിർവ്വഹിച്ചു. സംസ്ഥാന ഔഷധ സസ്യബോർഡ് സി.ഇ.ഒ കെ.വി. ഉത്തമൻ അധ്യക്ഷത വഹിച്ചു. സംസ്ഥാന ഔഷധ സസ്യബോർഡ് എക്സിക്യൂട്ടീവ് അംഗം കെ.വി. ഗോവിന്ദൻ, സംസ്ഥാന ഔഷധ സസ്യബോർഡ് ടെക്നിക്കൽ അസിസ്റ്റന്റ് പയസ്, മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി ജോയിന്റ് പ്രോഗ്രാം കോ ഓർഡിനേറ്റർ പി.സി. ബാലഗോപാൽ എന്നിവർ പങ്കെടുത്തു.

# യോഗ ഇൻസ്ട്രക്ടർ നിയമനം

കാട്ടൂർ ഗ്രാമപഞ്ചായത്ത് വനിതകൾക്കായി സംഘടിപ്പിക്കുന്ന യോഗ പരിശീലനത്തിലേക്ക് യോഗ ഇൻസ്ട്രക്ടറെ നിയമിക്കുന്നു. യോഗയിൽ ബിരുദമുള്ളവർക്ക് അപേക്ഷിക്കാം. പ്രവൃത്തി പരിചയം ഉള്ളവർക്ക് മുൻഗണന. അപേക്ഷ ജൂലൈ 25 നകം മെഡിക്കൽ ഓഫീസർ, ഗവ.ആയുർവേദ ഡിസ്പെൻസറി, കാട്ടൂർ പി ഒ 680702 എന്ന വിലാസത്തിൽ നൽകണം. ഫോൺ : 0480-2877300.

# ലാലൂരിൽ അന്താരാഷ്ട്ര സ്പോർട്സ് കോംപ്ലക്സ് നിർമ്മാണം പുരോഗമിക്കുന്നു

കോർപ്പറേഷന്റെ അധീനതിയിൽ തൃശൂർ താലൂക്കിലെ അരണാട്ടുകര വില്ലേജിലെ 25 ഏക്കറിൽ ലാലൂർ ട്രഞ്ചിങ് ഗ്രൗണ്ട് നവീകരിച്ച 13.37 ഏക്കർ സ്ഥലത്ത് ഐ എം വിജയൻ സ്പോർട് കോംപ്ലക്സ് നിർമ്മാണപ്രവൃത്തികൾ പുരോഗമിക്കുന്നു. കിഫ്ബി ഫണ്ട് ഉപയോഗിച്ച് ഫുട്ബോൾ സ്റ്റേഡിയം, സ്പോർട്സ് കോംപ്ലക്സ്, ടെന്നീസ്/ബാഡ്മിന്റൺ കോർട്ട്, അത്‌ലറ്റിക്സ് കോംപ്ലക്സ്,അക്കോമേഡഷൻ കോംപ്ലക്സ്, ഗ്യാലറി, സ്പോർട്സ് ട്രാക്ക് മുതലായവ നിർമ്മിക്കുന്ന പദ്ധതിയാണിത്.

മൊത്തം 13032.83 ചതുരശ്രമീറ്ററാണ് കോംപ്ലക്സിന്റെ വിസ്തൃതി. അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, ഇൻഡോർ സ്റ്റേഡിയം, പവലിയിൻ, ചേഞ്ച് റൂം, ടോയ്‌ലറ്റ്സ്, പമ്പ് റൂം, സെക്യൂരിറ്റി ക്യാബിനുകൾ എന്നിവയും ഈ കോംപ്ലക്സിന്റെ ഭാഗമാണ്. ഈ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ കിറ്റ്കോ കമ്പനിയാണ് തുടങ്ങിയിട്ടുള്ളത്. കൊല്ലം സൗത്ത് ഇന്ത്യൻ കൺസ്ട്രക്ഷൻ കമ്പനിയെ 46.3 കോടി രൂപയ്ക്ക് പ്രവൃത്തി ഏൽപ്പിച്ചതായി കിറ്റ്കോ പ്രോജക്ട് മാനേജർ അറിയിച്ചു.

സൈറ്റ് ഡവലപ്പ്മെന്റ് വർക്കുകൾ ഇപ്പോൾ പുരോഗമിക്കുന്നു. ഒരറ്റത്ത് മാലിന്യങ്ങളും മണ്ണ് അടിഞ്ഞ് പൊങ്ങിക്കിടന്നിരുന്ന പ്രദേശങ്ങളും നിരപ്പാക്കികൊണ്ടിരിക്കുന്നു. പൈലിങ് വർക്കുകൾ പുരോഗമിക്കുന്നു. മൊത്തം 205 പൈലുകളാണ് വേണ്ടി വരുന്നത്. അതിൽ 70 എണ്ണം തീർന്നു. ഇതിനു പുറമേ അണ്ടർഗ്രൗണ്ട് വാട്ടർ ടാങ്കിന്റെ പണിയും പുരോഗമിക്കുന്നു.

# ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ അക്ഷരയാത്ര 2019 ന് തുടക്കമായി

സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് തൃശ്ശൂർ ജില്ലയിൽ സംഘടിപ്പിക്കുന്ന അക്ഷരയാത്ര 2019 സേക്രഡ് ഹാർട്ട് സി ജി എച്ച് എസ് എസിൽ എഴുത്തുകാരി ലളിതലെനിൻ നിർവഹിച്ചു. സാഹിത്യരചനകൾക്കൊപ്പം വൈജ്ഞാനികസാഹിത്യവും കുട്ടികൾ വായിക്കണമെന്ന് അവർ പറഞ്ഞു. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഭരണസമിതി അംഗം സി ആർ ദാസ് അദ്ധ്യക്ഷത വഹിച്ചു. വായനമത്സരത്തിലും കാവ്യാലാപനമത്സരത്തിലും വിജയികൾക്ക് സമ്മാനങ്ങളും സർട്ടിഫിക്കറ്റും നൽകി.

പുസ്തകമേളയുടെ ഉദ്ഘാടനം എച്ച് എസ് സി ജി എൽ പി സ്കൂൾ പ്രധാന അധ്യാപിക സിസ്റ്റർ അൽഫോൺസ നിർവഹിച്ചു. സ്കൂൾ പ്രധാന അധ്യാപിക സിസ്റ്റർ പവിത്ര സി എം സി, മലയാളം അധ്യാപിക അനിത തോമസ്, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് എഡിറ്റോറിയൽ അസിസ്റ്റന്റ് നവനീത് കൃഷ്ണൻ എസ് എന്നിവർ സംസാരിച്ചു.

സ്കൂളിലെയും സമീപസ്കൂളുകളിലെയും കുട്ടികൾക്ക് ബാലസാഹിത്യ പുസ്തകങ്ങൾ പകുതിവിലയ്ക്ക് ലഭ്യമാക്കുന്ന പുസ്തകമേളയും അക്ഷരയാത്രയുടെ ഭാഗമാണ്. ഒരു സ്കൂളിൽ രണ്ടു ദിവസമാണ് പുസ്തകപ്രദർശനം. സ്കൂൾ സമയത്ത് കുട്ടികൾക്ക് പുസ്തകങ്ങൾ വാങ്ങാം. പോട്ടോർ കുലപതി മുൻഷി ഭവൻസ് വിദ്യാമന്ദിറിലെ അക്ഷരയാത്രയ്ക്ക് ഇന്നു (ജൂലൈ ഒമ്പത്) തുടക്കമാവും. കേരള കലാമണ്ഡലം വൈസ് ചാൻസലർ ഡോ. ടി കെ നാരായണൻ ഉദ്ഘാടനം നിർവഹിക്കും.

# എൻ ഐ പി എം ആറിന് റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരം

സാമൂഹികനീതി വകുപ്പിന്റെ കീഴിൽ കല്ലേറ്റുംകരയിൽ പ്രവർത്തിക്കുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ സെന്ററിൽ (എൻഐപിഎംആർ) രണ്ട് വർഷം ദൈർഘ്യമുള്ള സ്പെഷ്യൽ എഡ്യൂക്കേഷൻ ഡിപ്ലോമ കോഴ്സുകൾക്കാണ് റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരം. സെറിബ്രൽ പാൾസി, ഓട്ടിസം എന്നീ 25 സീറ്റുകൾ വീതമുള്ള 2 പഠന കോഴ്സുകൾ ആരംഭിക്കും. അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും പ്ലസ് ടു അല്ലെങ്കിൽ തത്തുല്യ യോഗ്യതയുള്ളവർക്കാണ് പ്രവേശനം. റീഹാബിലിറ്റേഷൻ രംഗത്തു പ്രവർത്തിക്കുന്ന പ്രൊഫഷണലുകൾക്കായുള്ള പരിശീലനങ്ങൾ, സെമിനാറുകൾ, ശിൽപശാലകൾ എന്നിവ സംഘടിപ്പിക്കാൻ ഡിപ്ലോമ കോഴ്സിന് അംഗീകാരം ലഭിച്ചതോടെ ഐ എൻ പി എം ആറിന് കഴിയും.

# ഉന്നത വിജയികളെ അനുമോദിക്കാൻ വിജിത്യ സംഗമം

പഴയന്നൂരിൽ ബ്ലോക്ക് പഞ്ചായത്ത് പരിധിക്കുള്ളിൽ 2019 എസ്.എസ്.എൽ.സി, പ്ലസ് ടു തല പരീക്ഷകളിൽ ഉന്നത വിജയം നേടിയ 168 വിദ്യാർത്ഥികളെയും 100% വിജയം നേടിയ എട്ട് വിദ്യാലയങ്ങളെയും അനുമോദിക്കുന്നതിന്റെ ഭാഗമായി ബ്ലോക്ക് പഞ്ചായത്ത് അങ്കണത്തിൽ വിജിത്യ സംഗമം സംഘടിപ്പിച്ചു. തൊഴിലുറപ്പ് പദ്ധതിക്ക് കീഴിൽ 100 തൊഴിൽദിനങ്ങൾ തികച്ച പട്ടികവർഗ്ഗ കോളനികളിലെ നാല് പേരെയും സംഗമത്തിൽ അനുമോദിച്ചു. ജലവിഭവ വകുപ്പ് മന്ത്രി കെ. കൃഷ്ണൻകുട്ടി ഉദ്ഘാടനം നിർവ്വഹിച്ചു. കുട്ടികളെ വൈദഗ്ദ്ധ്യ ബോധമുള്ളവരാക്കുകയും അതിലൂടെ തൊഴിൽ സാധ്യതകൾ മെച്ചപ്പെടുത്തുകയുമാണ് സർക്കാരിന്റെ പുതിയ പാഠ്യ പദ്ധതിയുടെ ലക്ഷ്യമെന്ന് മന്ത്രി പറഞ്ഞു. യു ആർ പ്രദീപ് എംഎൽഎ അദ്ധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് മെമ്പർ കെ.പി.രാധാകൃഷ്ണൻ, ജില്ലാ പഞ്ചായത്ത് മെമ്പർ ഇ. വേണുഗോപാലമേനോൻ, ജില്ലാ പഞ്ചായത്ത് മെമ്പർ ദീപ.എസ്.നായർ, പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡണ്ട് എം.പത്മകുമാർ, തിരുവില്വാമല

ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് എം.ആർ.മണി, പഴയന്നൂർ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശോഭന രാജൻ, കൊണ്ടാഴി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് സുലേഖ പ്രദീപ് എന്നിവർ ആശംസ നേർന്നു. പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് വി.തങ്കമ്മ സ്വാഗതവും പഴയന്നുർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ദിവ്യ കുഞ്ഞുണ്ണി നന്ദിയും പറഞ്ഞു.

## പഴയന്നൂരിൽ കുടിവെള്ള സ്രോതസ്സുകളുടെ ഗുണനിലവാര പരിശോധന ലാബിന് തുടക്കമായി

പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തും കേരള വാട്ടർ അതോറിറ്റിയും ചേർന്ന് പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ കുടിവെള്ള സ്രോതസ്സുകളുടെ ഗുണനിലവാര പരിശോധന ലാബ് ആരംഭിച്ചു. ജലവിഭവ വകുപ്പ് മന്ത്രി കെ.കൃഷ്ണൻകുട്ടി ഉദ്ഘാടനം നിർവ്വഹിച്ചു. യു ആർ പ്രദീപ് എംഎൽഎ അദ്ധ്യക്ഷത വഹിച്ചു.

ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ പ്രവർത്തിക്കുന്ന ലാബിൽ വാട്ടർ അതോറിറ്റി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ക്വാളിറ്റി കൺട്രോൾ ലാബ് അസിസ്റ്റന്റുമാരെയാണ് പ്രാരംഭ പ്രവർത്തനങ്ങൾക്കായി നിയമിച്ചിരിക്കുന്നത്. ബ്ലോക്ക് പഞ്ചായത്ത് വകയിരുത്തിയ 16 ലക്ഷം രൂപ ചിലവഴിച്ചാണ് ലാബ് സജ്ജമാക്കുന്നത്.

ചടങ്ങിൽ ജില്ലാ പഞ്ചായത്ത് മെമ്പർ കെ.പി.രാധാകൃഷ്ണൻ, ജില്ലാ പഞ്ചായത്ത് മെമ്പർ ദീപ എസ്.നായർ, ജില്ലാ പഞ്ചായത്ത് മെമ്പർ ഇ വേണുഗോപാല മേനോൻ, പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡണ്ട് എം.പത്മകുമാർ എന്നിവർ ആശംസ നേർന്നു. പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് വി.തങ്കമ്മ സ്വാഗതവും പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടി ദിവ്യ കുഞ്ഞുണ്ണി നന്ദിയും പറഞ്ഞു.